**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 4767

05.02.2014 ൽ മറുപടിയ്ക്ക്

**ന്യൂനപക്ഷ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ന്യൂനപക്ഷ സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) ന്യൂനപക്ഷ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും 70% എങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളുമായ അംഗീകൃത വനിതാ സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, എൻ.ജി.ഒകൾ എന്നിവയിൽ നിന്ന് അതാത് പ്രദേശത്തെ വിഭവ സ്രോതസ്സുകൾക്കും, വിപണനത്തിനും അനുയോജ്യമായതും വിജയസാധ്യതയുള്ളതുമായ സ്വയം സംരംഭക പദ്ധതികൾ നടത്തുന്നതിന് താല്പര്യമുള്ള വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംരംഭക കുടുംബത്തിലെ അംഗങ്ങളുടെ സാമ്പത്തിക സാമൂഹിക ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. |
| ബി) ഏതെല്ലാം സൗകര്യങ്ങളും ധനസഹായങ്ങളുമാണ് ഇതുവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) പദ്ധതി ചെലവിന്റെ 50%-ത്തിൽ പരിമിതപ്പെടുത്തി പരമാവധി രണ്ടരലക്ഷം രൂപ വരെ വകുപ്പ് ധനസഹായമായി സ്വയം സഹായ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ടി സംരംഭക അംഗങ്ങൾക്ക് കുടുംബശ്രീ മുഖാന്തിരം അവരുടെ സംരംഭത്തിനാവശ്യമായിട്ടുള്ള തൊഴിൽ വൈദഗ്ധ്യം, അക്കൗണ്ട് ട്രെയിനിംഗ്, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനായുള്ള പരിശീലനം മുതലായവ വകുപ്പ് മുൻകൈയെടുത്ത് നൽകുന്നുണ്ട്. കൂടാതെ എല്ലാ മാസവും ജില്ലാ തലത്തിലുള്ള ന്യൂനപക്ഷ സെക്ഷൻ വഴിയും വകുപ്പിന്റെ കീഴിലെ പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാർ വഴിയും ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാർ വഴിയും ടി ഗ്രൂപ്പ് സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവർക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും വകുപ്പ് മുഖാന്തിരം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ